Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 27.3.2019
*Ref: 658/KCBC/K-6/KPR/DS*

## തിരുക്കർമ്മങ്ങളുടെ വികലമായ ചിത്രീകരണം പ്രതിഷേധാർഹം

കൊച്ചി: കുമ്പസാരം എന്ന കൂദാശയെ വികലമായി ചിത്രീകരിക്കുകയും ആഴമായി പരിഹസിക്കുകയും ചെയ്തുകൊണ്ട് മലയാളത്തിലെ ഒരു വിനോദ ചാനൽ സംപ്രേഷണം ചെയ്ത "തകർപ്പൻ കോമഡി" എന്ന പരിപാടിയുടെ 134-ാം എപ്പിസോഡ് മതേതരസംസ്കാരത്തെ അവഹേളിക്കുന്നതും മതവികാരങ്ങളെ വ്രണപ്പെടുത്തുന്നതും തികച്ചും പ്രതിഷേധാർഹവുമാണെന്ന് കെസിബിസി ഐക്യജാഗ്രതാ-മീഡിയാക മ്മീഷനുകൾ. വിശ്വാസികൾ വളരെ ആദരത്തോടും വിശുദ്ധിയോടും കൂടി അനുഷ്ഠിച്ചുവരുന്ന കുമ്പസാരം എന്ന ദൈവിക കൂദാശയെയും വിശ്വാസികളെയും വൈദികരെയും തമാശരൂപേണ ചിത്രീകരിച്ചുകൊണ്ടുള്ള വികലമായ ഈ കലാസൃഷ്ടി തീർത്തും അപഹാസ്യവും സമൂഹമനസ്സാക്ഷിക്ക് ആഴത്തിൽ മുറിവുണ്ടാ ക്കുന്നതുമാണ്. ആവിഷ്കാരസ്വാതന്ത്ര്യം എന്ന അവകാശവാദം ഉന്നയിക്കാമെങ്കിലും ജനവികാരത്തെയും മതാനുഷ്ഠാനങ്ങളെയും അപമാനിക്കുന്ന ഇത്തരം പ്രവണതകൾ ആശാസ്യമല്ല.

സമീപകാലത്ത് കലാസാംസ്കാരിക രംഗങ്ങളിൽ സഭയെ അവഹേളിക്കുന്ന പ്രവണത വർധിച്ചുവരുന്നതിനെ കത്തോലിക്കാസഭ ഉത്ക്കണ്ഠയോടെയാണ് വീക്ഷിക്കുന്നത്. ഈ നിർഭാഗ്യകരമായ പ്രവൃത്തിയിൽ കത്തോലിക്കാസഭയ്ക്കുള്ള വേദനയും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരു പറഞ്ഞ് ഇത്തരം ഭ്രാന്തമായ സൃഷ്ടികൾ സംപ്രേഷണം ചെയ്തതിൽ ചാനലിന്റെ ഉത്തരവാദിത്വപ്പെ ട്ടവർക്ക് കനത്ത ജാഗ്രതകുറവാണ് ഉണ്ടായതെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അധ്യക്ഷതയിൽ പിഒസിയിൽ ചേർന്ന കെസിബിസി മീഡിയാ കമ്മീഷന്റെയും ജാഗ്രതാസ മിതിയുടെയും സംയുക്ത സമ്മേളനം കുറ്റപ്പെടുത്തി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്,
കെ.സി.ബി.സി/ഡയറക്ടർ, പി.ഒ.സി

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

**ഫാ. ജോളി വടക്കൻ**
സെക്രട്ടറി
കെസിബിസി മീഡിയാകമ്മീഷൻ

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com